"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - എറണാകുളം ജില്ലയിലെ ആവോലി ഗ്രാമ പഞ്ചായത്ത് - ഒന്നാം മൈൽ പുഴയോര മെയിന്റനൻസ് വർക്കിലെ ക്രമക്കേട് - വിജിലൻ സ് മിന്നൽ പരിശോധന - ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1019/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/06/2020

പരാമർശം:-1 വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 19.01.2017-ലെ 14198/ഡി3/2016/വിജി. നമ്പർ കത്ത്.

2 വിജിലൻ സ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.11.2016-ലെ ഇ13 (എസ്.സി.38/16/ഇ.കെ.എം/എൽ.എസ്.ജി.ഡി) 30867/2016 നമ്പർ കത്ത്.

3 12.06.2019-ലെ 34/ഇഡബ്ല്യു1/17/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

4 ശ്രീ. ബാലകൃഷ്ണൻ പി. കെ. സമർപ്പിച്ച 16.09.2019 തീയതിയായുള്ള എതിർവാദപത്രിക.

5 ശ്രീ. സുന്ദർലാൽ എ. ആർ. സമർപ്പിച്ച 30.09.2019 തീയതിയായുള്ള എതിർവാദപത്രിക.

6 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.01.2019, 03.01.2020 എന്നീ തീയതികളിലെ ഇ13/4928/17/സിഇ/തസ്വഭവ നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡ് ഒന്നാം മൈൽ പുഴയോര റോഡിന്റെ മെയിന്റനൻസിനായി 2015-16 സാമ്പത്തിക വർഷത്തിൽ ഏഴ് ലക്ഷം രൂപയ്ക്ക് ഇ-ടെണ്ടറിലൂടെ ശ്രീ. സജീവ് സ്റ്റീഫൻ എന്നയാൾക്ക് ടെണ്ടർ ഉറപ്പിച്ചു കൊടുത്തതായും, ടെണ്ടർ പ്രകാരമുള്ള വർക്കുകൾ ചെയ്തുതീർക്കാതെ ടി കോൺട്രാക്ടർക്ക് മുഴുവൻ തുകയും കൊടുത്തതായും ആരോപിച്ച് AIYF ആവോലി ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ ശ്രീ. സൈജൽ പി. ജമാൽ എന്നയാളും മറ്റ് പത്തു പേരും ചേർന്ന് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ് 15/07/2016-ൽ മിന്നൽ പരിശോധന നടത്തുകയും ടി പരിശോധനയിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, Project No.SO-112/16 ആയി ഒന്നാം മൈൽ പുഴക്കര റോഡ്, തീപ്പെട്ടി കമ്പനി - മേയ്ക്കാട്ടുകളം റോഡ്, മണലിൽ നേഴ്സറി — മാരിയിൽ റോഡ്" എന്ന പേരിലുള്ള വർക്കിന് 7 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് 27/05/15-ൽ 553/AEE/LSGD/MVP/2015-16 നമ്പരായി ഭരണാനുമതിയും, 415/AEE/LSGD/15-16 നമ്പരായി 02/07/2015-ൽ സാങ്കേതികാനുമതിയും ലഭിച്ചതായും, എസ്റ്റിമേറ്റ് നോക്കിയതിൽ ഒന്നാം മൈൽ പുഴക്കര റോഡ് 3 mtr വീതിയിൽ 485 Mtr നീളത്തിലും, തീപ്പെട്ടി കമ്പനി - മേയ്ക്കാട്ടുകളം റോഡ് 3Mtr വീതിയിൽ 240 Mtr നീളത്തിൽ റീ ടാറിംഗും ചെയ്യാനാണ് വ്യവസ്ഥയെന്നും, പ്രസ്തുത വർക്ക് ഇ - ടെണ്ടർ ചെയ്തതിൽ 17.89% below quote ചെയ്ത ശ്രീ. സജീവ് സ്റ്റീഫന് വർക്ക് ലഭിക്കുകയും, 01/10/2015-ൽ ടിയാനുമായി 29/AE/LSGD/AV/15-16- ായി എഗ്രിമെന്റ് ഒപ്പുവച്ച് ടി ദിവസം തന്നെ സൈറ്റ് hand over ചെയ്തതായും, റിവൈസ്ഡ് എസ്റ്റിമേറ്റ് 21/01/2016-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ചിട്ടുള്ളതായും, റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒന്നാം മൈൽ പുഴക്കര റോഡ് 90.5 Mtr നീളത്തിൽ ടാറിംഗും, 105.5 Mtr നീളത്തിൽ കോൺക്രീറ്റിംഗും, തീപ്പെട്ടി കമ്പനി - മേയ്ക്കാട്ടുകളം റോഡ് 191 Mtr നീളത്തിൽ റീടാറിംഗുമാണ് അനുവദിച്ചിട്ടുള്ളതെന്നും കണ്ടെത്തിയിരുന്നു. ബന്ധപ്പെട്ട എം.ബുക്ക് No.29/15-16 പരിശോധിച്ചതിൽ, ഒന്നാം മൈൽ പുഴക്കര റോഡ് 85.6 Mtr നീളത്തിൽ റീടാറിംഗും, 89.1Mtr നീളത്തിൽ കോൺക്രീറ്റിംഗും നടത്തിയതായും, തീപ്പെട്ടി കമ്പനി - മേയ്ക്കാട്ടുകളം റോഡ് 195 Mtr നീളത്തിലും റീടാറിംഗ് നടത്തിയതായും, ഒന്നാം മൈൽ പുഴക്കര റോഡിന്റെ സൈഡിൽ 89.10 മീറ്റർ നീളത്തിൽ Irish Work ചെയ്തിട്ടുള്ളതായും കരാറുകാരന് 5,24,518/- രൂപയുടെ ചെക്ക് കൊടുത്തതായും കാണുന്നു. ഒന്നാം മൈൽ പുഴക്കര റോഡിൽ നടത്തിയ റീ ടാറിംഗിന്റെ നീളം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ അളന്നു നോക്കിയതിൽ 78 Mtr ഉം, ടി റോഡിലെ കോൺക്രീറ്റിംഗ് 89.1 മീറ്ററും ഉള്ളതായും, തീപ്പെട്ടി കമ്പനി - മേയ്ക്കാട്ടുകളം റോഡ് അളന്നതിൽ റീ ടാറിംഗ് ചെയ്ത ഭാഗം 195 Mtr നീളമുള്ളതായും, ടി റോഡുകളുടെ റീടാറിംഗ് ജോലികൾ പ്രഥമദൃഷ്ട്യാ തൃപ്തികരമായും കാണുന്നുണ്ട്. ഒന്നാം മൈൽ പുഴക്കര റോഡ് റീടാറിംഗ് ചെയ്തിട്ടുള്ളതിൽ 7.6 Mtr (85.6-78Mtr) കുറവു

കാണുന്നു. ബിൽ പ്രകാരം Tack Coat 1 M2 ന് 17.9 രൂപയും, Chipping Carpet 1 M2-ന് 187.7 രൂപയും, Seal Coat 1M2-ന് 106.1 രൂപയുമാണ് നിരക്ക് കാണിച്ചിരിയ്ക്കുന്നത്. പരിശോധനയിൽ കാണപ്പെട്ട 22.80 M2(7.6x3) ന് 7,107/- രൂപ വരും. ടി വർക്ക് സൂപ്പർവൈസ് ചെയ്തിരിക്കുന്നത് ഓവർസിയറായ ശ്രീ. ബാബുമോനും, എം. ബുക്ക് തയ്യാറാക്കിയിരിയ്ക്കുന്ന അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ബാലകൃഷ്ണനും, ചെക്ക് മെഷർ ചെയ്തത് മൂവാറ്റുപുഴ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുന്ദർലാലുമാണെന്നും കാണുന്നു. ആവോലി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽപ്പെട്ട ഒന്നാം മൈൽ പുഴക്കര വർഷകാലത്ത് ഉറവ് വച്ച് ടാറിംഗ് പൊളിഞ്ഞു പോകാൻ സാധ്യതയുള്ളതിനാൽ പ്രസ്തുത ഭാഗം കോൺക്രീറ്റ് ചെയ്യണമെന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടത് ബന്ധപ്പെട്ട വാർഡ് മെമ്പറായ ശ്രീ. ജോർജ്ജ് വർഗ്ഗീസ് 30/09/2015-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി കൊണ്ട് തീരുമാനമെടുത്തിട്ടുള്ളതും, അതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതായും കാണുന്നു.

2. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഒന്നാം മൈല് - പുഴക്കരറോഡിൽചെയ്തിട്ടുള്ള വർക്കുമായി ബന്ധപ്പെട്ട എം. ബുക്ക് -29/15-16-ൽ 85.6 Mtr റീ ടാറിംഗ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും പരിശോധനയിൽ 78 Mtr നീളത്തിൽ മാത്രമേ റീ ടാറിംഗ് ചെയ്തിട്ടുള്ളതായി കാണുന്നുള്ളൂ. ഒന്നാം മൈൽ - പുഴക്കരറോഡിന്റെ ബാക്കി ഭാഗത്തു ചെയ്തിട്ടുള്ള കോൺക്രീറ്റിംഗിന്റെ വർക്കും, തീപ്പെട്ടി കമ്പനി - മേയ്ക്കാട്ടുകുളം റോഡിന്റെ റീ ടാറിംഗും എം. ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾക്കനുസൃതമായിട്ടാണെന്ന് കാണുന്നുണ്ട്. എം. ബുക്കിൽ രേഖപ്പെടുത്തിയ പ്രകാരം തയ്യാറാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് അനുവദനീയമായ നികുതികളും മറ്റും കുറച്ചതിനുശേഷം 5,39,924/- രൂപ നല്കേണ്ടതിൽ 5,24,518/- രൂപ നല്കിയിട്ടുള്ളതായാണ് കാണുന്നത് .

3. എം. ബുക്കിലെ അളവുമായി 7.6 മീറ്റർ (85.6-78 mtr) കുറവു വന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് ആവോലി ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീ.ബാബുമോൻ പി. തോട്ടം, അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ബാലകൃഷ്ണൻ പി. കെ., മൂവാറ്റുപുഴ ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുന്ദർലാൽ എ. ആർ. എന്നിവർ ഉത്തരവാദികളാണെന്ന് കണ്ടെത്തിയിരുന്നു.

4. ഒന്നാം മൈൽ പുഴയോര റോഡ് റീടാറിംഗിൽ കുറവുകാണപ്പെട്ട 7.6 മീറ്റർ വർക്കിന്റെ തുകയായ 7,107 രൂപ (ഏഴായിരത്തി ഒരുന്നൂറ്റി ഏഴ് രൂപ മാത്രം) കരാറുകാരനായ ശ്രീ. സജീവ് സ്റ്റീഫനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ടി റോഡ് റീ ടാറിംഗുമായി ബന്ധപ്പെട്ട എം. ബുക്കിൽ കരാറുകാരൻ ചെയ്യാതിരുന്ന 7.6 മീറ്റർ നീളത്തിലുള്ള വർക്ക് ചെയ്തതായി രേഖപ്പെടുത്തിയതിനെ സംബന്ധിച്ച് ആവോലി ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീ. ബാബുമോൻ പി. തോട്ടം, അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ബാലകൃഷ്ണൻ പി. കെ., മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുന്ദർലാൽ എ. ആർ . എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നുമുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ കരാറുകാരനായ ശ്രീ. സജീവ് സ്റ്റീഫനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിനോട് ആവശ്യപ്പെടുകയും രണ്ടാമത്തെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു.

5. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് എൻജിനീയർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പ്രകാരം 2015-16 സാമ്പത്തിക വർഷം ആവോലി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ ഒന്നാം മൈൽ പുഴയോരം റോഡിന്റെ മെയിന്റനൻസ് പ്രവൃത്തിക്കായി 7,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. ടി പ്രവൃത്തി ഇ-ടെണ്ടറിലൂടെ ശ്രീ. സജീവ് സ്റ്റീഫൻ എന്നയാൾ ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഏഴ് ലക്ഷം രൂപയുടെ ഈ പദ്ധതിയിൽ ഒന്നാം മൈൽ പുഴയോരം റോഡ് തീപ്പെട്ടിക്കമ്പനി മേക്കാട്ടുകുളം റോഡ് എന്നീ 2 റോഡുകളാണ് ഉൾപ്പെട്ടിരുന്നത്. ഒന്നാം മൈൽ പുഴയോരം റോഡിനുവേണ്ടി 485 മീറ്റർ നീളം 3 മീറ്റർ വീതിയിൽ റീടാറിംഗ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ മഴക്കാലത്ത് ഉറവവെക്കുന്ന സ്ഥലങ്ങളിൽ കോൺക്രീറ്റിംഗും ബാക്കിയുള്ള ഭാഗങ്ങളിൽ റീടാറിംഗും ചെയ്യണമെന്നുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുകയാണുണ്ടായത്. സ്വാഭാവികമായും റീടാറിംഗ് ഒഴിവാക്കി കോൺക്രീറ്റ് ചെയ്തപ്പോൾ ആദ്യം വിഭാവന ചെയ്തിരുന്ന നീളം ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. ഒന്നാം

മൈൽ പുഴയോരം റോഡ് പുനലൂര് മൂവാറ്റുപുഴ പി.എം. റോഡ് റോഡിൽ നിന്നും ആരംഭിക്കുന്ന സ്ഥലത്ത് പി.എം. റോഡിൽ നിലവിലുണ്ടായിരുന്ന രണ്ട് കുഴികൾ കൂടി അടച്ചാണ് റീടാറിംഗ് പണികൾ ചെയ്തിരിക്കുന്നത്. ഈ കുഴികളുടെ അളവുകൾ യഥാക്രമം 2.20X1.90 മീറ്റർ, 6.10X1.65 മീറ്റർ എന്നതായിരുന്നു. ഇതിലെ നീളമായ 2.20+6.10=8.30 എന്ന് ഒന്നാം മൈൽ പുഴയോര റോഡിന്റെ നീളത്തോടൊപ്പം തെറ്റായി ചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഒന്നാം മൈൽ പുഴയോരം റോഡിന്റെ റീടാറിംഗ് പണികൾ ചെയ്തിട്ടുള്ളത് 77.30 മീറ്റർ നീളത്തിനാണ്. PWD റോഡിൽ ചെയ്യേണ്ടിവന്ന രണ്ട് പോർട്ട് ഹോളിന്റെ നീളം കൂടി ചേരുമ്പോൾ മാത്രമേ 85.60 മീറ്റർ നീളം എത്തുകയുള്ളൂ. യഥാർത്ഥത്തിൽ ചെയ്തിട്ടുള്ള അളവുകൾ ആണെങ്കിൽ കൂടിയും PWD റോഡിൽ ചെയ്ത അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്തിയതും ആയതിനുകൂടി പെയ്മെന്റ് നൽകിയതും ശരിയായ നടപടിയല്ലെന്നുമുള്ള വിജിലൻസ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കുറവ് വന്ന നീളത്തിന്റെ തുകയായ 7107/- രൂപ കരാറുകാരൻ അടവാക്കിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

6. ചീഫ് എൻജിനീയർ നടത്തിയ വകുപ്പുതല അന്വേഷണത്തിലും വിജിലൻസ് കണ്ടെത്തിയ ക്രമക്കേട് നിലനിൽക്കുന്നതാണെന്ന് വ്യക്തമായ സാഹചര്യത്തിൽ ആവോലി ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീ. ബാബുമോൻ പി. തോട്ടം, അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ബാലകൃഷ്ണൻ പി. കെ., മൂവാറ്റുപുഴ ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുന്ദർലാൽ എ. ആർ. എന്നിവർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ലഘു ശിക്ഷക്കുള്ള അച്ചടക്ക നടപടി സ്വീകരിച്ച് പരാമർ ശം 3 പ്രകാരമുള്ള കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ ടി ഉദ്യോഗസ്ഥർക്ക് നൽകുന്നതിലേയ്ക്കായി ചീഫ് എൻജിനീയർക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ ടി ഉദ്യോഗസ്ഥരിൽ ഉൾപ്പെട്ട ശ്രീ. ബാബുമോൻ പി. തോട്ടം 31.05.2019-ൽ സർവീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13.11.2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് പൂർണ്ണ പെൻഷനും മറ്റ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്നും അറിയിക്കുകയും ടിയാന് ലഭ്യമാക്കുന്നതിലേയ്ക്കായി നൽകിയ കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ ചീഫ് എൻജിനീയർ തിരികെ സമർപ്പിക്കുകയും ചെയ്തിരുന്നു.

7. പരാമർശം 4, 5 എന്നിവ പ്രകാരം മറ്റ് കുറ്റാരോപിതർ സമർപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

ശരാശരി 3 മീറ്റർ കാരിയേജ് വേ ഉള്ള ഒന്നാം മൈൽ പുഴക്കര റോഡ് പുനലൂർ - മൂവാറ്റുപുഴ (പി.എം. റോഡ്) സ്റ്റേറ്റ് ഹൈവേയിൽ നിന്നും കുത്തനെയുള്ള കയറ്റത്തോടെയാണ് ആരംഭിക്കുന്നത്. ടി റോഡിന്റെ ആരംഭത്തിൽ ബെൽ മൗത്തിനോട് ചേർന്ന് രണ്ട് കുഴികൾ (2.20 x1.9 0 m; 6.10X1.65m അളവോടെ ഉള്ളവ) ഉണ്ടായിരുന്നു. നല്ല തിരക്കുള്ള പി.എം. റോഡിൽ നിന്നും കുത്തനെ കയറ്റത്തോടെ ആരംഭിക്കുന്ന ടി റോഡിലെ കുഴികൾ അടച്ചുകൊണ്ട് മാത്രമെ, ടി ജംഗ്ഷനിലുണ്ടാകാവുന്ന അപകടങ്ങളൊഴിവാക്കി സുഗമമായ ഉപയോഗം ഉറപ്പാക്കാനാവു മായിരുന്നുള്ളൂ. PWD അധികാരികളുടെ അറിവോടെയും ഗുണഭോക്താക്കളുടെയും വാർഡ് മെമ്പറുടെയും അഭ്യർത്ഥനയും മാനിച്ചാണ് ടി കുഴികൾ അടച്ചത്. ഇതുവഴി മെച്ചപ്പെട്ട സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട്.

ഒന്നാം മൈൽ പുഴക്കര റോഡ് 77.30 മീറ്റർ നീളവും റോഡാരംഭത്തിലെ യഥാക്രമം 2.20 മീറ്റർ, 6.10 മീറ്റർ വീതം നീളമുള്ള കുഴികളും ഉൾപ്പെടെയാണ് ടി റോഡ് പ്രവൃത്തി ചെയ്തിട്ടുള്ളത്. കുഴികൾ ഉൾപ്പെടെ റോഡിന്റെ നീളം 77.30m+2.20m+6.10m=85.60m ആണ്. റോഡിൽ ചെയ്ത നീളം തന്നെയാണ് എം. ബുക്കിലും രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ ഒരു ഘട്ടത്തിലും സർക്കാർ ഖജനാവിന് നഷ്ടം വരുത്തുന്നതോ പൊതുമുതൽ നിരുത്തരവാദപരമായി ഉപയോഗിക്കുന്നതായിട്ടോ ഉള്ള പ്രവൃത്തി ഉണ്ടായിട്ടില്ല. എങ്കിൽ തന്നെയും വകുപ്പിൽ നിന്നുമുള്ള നിർദ്ദേശാനുസരണം ഖജനാവിന് നഷ്ടം വരുത്തി എന്ന് പറയുന്ന തുക അടവാക്കിയിട്ടുണ്ട്. കേവലം സദുദ്ദേശം മാത്രം മുൻ നിർത്തി ചെയ്ത ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ക്രമക്കേടായി കാണരുതെന്ന് കുറ്റാരോപിതർ അപേക്ഷിച്ചിട്ടുണ്ട്.

8. 2015-16 വർഷത്തിൽ 7,00,000/- രൂപ വകയിരുത്തി ആവോലി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയിട്ടുള്ള ഒന്നാം മൈൽ പുഴയോര റോഡിന്റെ മെയിന്റനൻസ് പ്രവർത്തി ടി റോഡ് ആരംഭിക്കുന്ന സ്ഥലത്ത് പി.എം. റോഡിൽ നിലവിലുണ്ടായിരുന്ന രണ്ട് കുഴികൾ അടച്ചാണ് റീടാറിംഗ് പണികൾ ചെയ്തിരുക്കുന്നത്. ഈ കുഴികളുടെ അളവുകൾ യഥാക്രമം 2.20 x 1.90m, 6.10x1.65m എന്നതായിരുന്നു. ഇതിലെ നീളമായ 2.20+6.10=8.30 എന്നത് ഒന്നാം മൈൽ പുഴയോര റോഡിന്റെ നീളത്തിനൊപ്പം തെറ്റായി ചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഒന്നാം മൈൽ പുഴയോര റോഡിന്റെ റീടാറിംഗ് പണികൾ ചെയ്തിട്ടുള്ളത് 77.30m നീളത്തിലാണ്.

PWD റോഡിൽ ചെയ്യേണ്ടിവന്ന രണ്ട് പോട്ട് ഹോളിന്റെ നീളം കൂടി വരുമ്പോൾ മാത്രമേ 85.60m നീളം എത്തുകയുള്ളൂ. കൂടാതെ 844.43Sq.m റോഡ് റീടാറിംഗ് ചെയ്തിട്ടുള്ളത് റോഡിൽ ദൃശ്യമാണെന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരുന്നു.

9. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, ചീഫ് എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പ് എന്നിവ പരിശോധിക്കുമ്പോൾ അധികപ്രവൃത്തിയുടെ അളവുകൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ കുറ്റാരോപിതരുടെ ഭാഗത്ത് ചെറിയ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. അതേസമയം മറ്റ് പറയത്തക്ക ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ല. കൂടാതെ ഈ പ്രവൃത്തി ചെയ്തത് സദുദ്ദേശപരമായിരുന്നുവെന്നും ഇതുമൂലം സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത കോൺട്രാക്ടറിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നുമുള്ള വസ്തുതകൾ കണക്കിലെടുത്ത് മൂവാറ്റുപുഴ ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുന്ദർലാൽ എ. ആർ., ആവോലി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബാലകൃഷ്ണൻ പി. കെ. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി **ശാസന** നല്കിയും ആവോലി ഗ്രാമപഞ്ചായത്തിലെ മുൻ ഒന്നാം തരം ഓവർസിയറായിരുന്ന ശ്രീ. ബാബുമോൻ പി. തോട്ടം 31.05.2019-ൽ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെ **തുടർനടപടികളിൽ നിന്നും ഒഴിവാക്കിയും** ടി ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുകുട്ടന് എം എസ്**
**അഡിഷണൽ സെക്രട്ടറി**

ശ്രീ. സുന്ദർലാൽ എ. ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്.

ശ്രീ. ബാലകൃഷ്ണൻ പി. കെ., അസിസ്റ്റന്റ് എൻജിനീയർ (തദ്ദേശ സ്വയം ഭരണ വകുപ്പ്

ആവോലി ഗ്രാമപഞ്ചായത്ത്. ചീഫ് എഞ്ചിനീയർ മുഖാന്തിരം)

ശ്രീ. ബാബുമോൻ പി. തോട്ടം, മുൻ ഒന്നാം തരം ഓവർസീയർ,
ആവോലി ഗ്രാമപഞ്ചായത്ത്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (ഡി) വകുപ്പ്.

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SREEKANTH G
Date: 2020.06.02 13:49:59 IST
Reason: Approved
സെക്ഷൻ ഓഫീസർ